**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1876** **04-02-2026 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ പുതുക്കാട് - മുപ്ലിയം വരെ കെ. എസ്.ആർ.ടി.സി.ബസ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മുതൽ മുപ്ലിയം വരെ വർഷങ്ങളായി ലാഭകരമായി സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്, നിശ്ചിത സമയക്രമമനുസരിച്ച് രാവിലെയും വൈകിട്ടും സർവ്വീസ് നടത്തുന്നതിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവ്വീസ് മുടക്കം കൂടാതെ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | വരുമാനകുറവുമൂലം നിർത്തിവെച്ച സർവ്വീസുകളിൽ ജനോപകാരപ്രദമായ ട്രിപ്പുകൾ നിലനിർത്തുംവിധം പുനഃക്രമീകരിച്ച് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള സർവീസുകൾ മുടക്കം കൂടാതെ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | തൃശ്ശൂരിൽ നിന്നും പുതുക്കാട് - ചെങ്ങാലൂർ വഴി ഇഞ്ചക്കുണ്ട് വരെ സർവ്വീസ് നടത്തുന്ന കെ. എസ്. ആർ.ടി.സി.ബസ് കോടാലി സെന്റർ വരെ സർവ്വീസ് നീട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; | (സി) | പ്രൈവറ്റ് ബസ് സർവീസ് നടത്തുന്ന മേഖല ആയതിനാൽ ഈ റൂട്ടിൽ സമയക്രമം നോക്കി മാത്രമേ വേണ്ട നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. നിലവിൽ കോടാലി വരെ ഒരു ട്രിപ്പും, ഇഞ്ചക്കുണ്ട് വരെ നാല് ട്രിപ്പും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. നിലവിലെ ട്രിപ്പുകൾ കോടാലി വരെ ഓപ്പറേറ്റ് ചെയ്യുന്നത് വരുമാനം ലഭിക്കുവാൻ സാധ്യത ഇല്ലാത്തതാണ്. |
| (ഡി) | കൂടുതൽ കെ.എസ്.ആർ.ടി.സി.ബസ് സർവ്വീസുകൾ പുതുക്കാട് മണ്ഡലത്തിലെ മലയോര മേഖലകളിലേക്ക് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | യാത്രാ ഡിമാന്റ് വർദ്ധിക്കുന്നതനുസരിച്ച് സാധ്യതാപഠനം നടത്തി സർവീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ